**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

| | |
|---|---|
| വിഷയം: | ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. പ്രിൻസി.കെ, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) നിയമന ഉത്തരവിനായി കാത്തിരുന്ന 01.09.2021 മുതൽ 29.09.2021 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം: | 1. ഉത്തരവ് നം. ഇഎ1-77643/2020/ആ.വ.ഡ തീയതി 29.09.2021<br>2. നം. എ1-13170/21/ജി.മെ.ആ(ആ) വയനാട് തീയതി 23.11.2021 |

**ഉത്തരവ് നം. ഇ.എ1- 87303/2021/ആ.വ.ഡ തീയതി 20.04.2022**

ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ നിയമന ഉത്തരവ് ലഭിക്കുന്നതിനായി കാത്തിരുന്ന 01.09.2021 മുതൽ 29.09.2021 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ഡോ. പ്രിൻസി.കെ അപേക്ഷ സമർപ്പിച്ചിരുന്നു.

ഡോ. പ്രിൻസി.കെ, 01.09.2021 ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്നതിനാൽ ടിയാരി ക്ക് നിയമന ഉത്തരവ് നൽകുവാൻ സാധിച്ചിരുന്നില്ല. ഡോ. പ്രിൻസി.കെയ്ക്ക് ആരോഗ്യവിദ്യാഭ്യാസവകുപ്പിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള നിയമന ശുപാർശ ലഭിച്ചതിനാൽ, തത്സമയം ഒഴിവുണ്ടായിരുന്ന റേഡിയോതെറാപ്പി/ റേഡിയോ ഡയഗ്നോസിസ് വിഭാഗം ജൂനിയർ കൺസൽട്ടന്റു തസ്തികയിലേക്ക് പരാമർശം (1) പ്രകാരം നിയമന ഉത്തരവു നൽകുകയും ടിയാരി 30.09.2021ന് വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ച ശേഷം ആരോഗ്യവിദ്യാഭ്യാസവകുപ്പിൽ ജോലിയിൽ പ്രവേശിക്കുവാനായി വിടുതൽ ചെയ്യുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഡോ. പ്രിൻസി.കെ ഉപരിപഠനാർത്ഥമുള്ള ശൂന്യവേതനാവധിയ്ക്കു ശേഷം നിയമന ഉത്തരവിനായി കാത്തു നിന്ന 01.09.2021 മുതൽ 29.09.2021 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1ലെ, ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്
**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. പ്രിൻസി.കെ, ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്സ്),
ജില്ലാ ആശുപത്രി മാനന്തവാടി, വയനാട്

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), വയനാട്
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി മാനന്തവാടി, വയനാട്
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

L29801

GOVERNMENT OF KERALA